O/o The Spl. Tahsildar (L.A) Kozhikode City Road Improvement Project
KOZHIKODE
11 APR 2018
CIVIL STATION

**File No.DCKKD/3649/2017-B2**

727/18

ഫ്രാൻസിസ് റോഡ് ജംഗ്ഷൻ - മാങ്കാവ് റോഡ് ജംഗ്ഷൻ വരെയുള്ള റോഡ് വികസനം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി 22.03.18 ന് ഉച്ചയ്ക്ക് 12 മണിക്ക് ഡെപ്യൂട്ടി കലക്ടർ (എൽ.എ) യുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ വിദഗ്ധ സമിതിയിലെ താഴെ പറയുന്ന അംഗങ്ങൾ ഹാജരായി.

1. ശ്രീ. പനക്കൽ ശശി, 34 വാർഡ് മെമ്പർ, കോഴിക്കോട് കോർപ്പറേഷൻ
2. ശ്രീമതി. ശാലിനി. പി. പി, സ്പെഷൽ തഹസീൽദാർ(എൽ.എ), കോഴിക്കോട് നഗരപാതാ വികസനപദ്ധതി, കോഴിക്കോട്
3. ശ്രീ. കെ.പി. കോയമോൻ, കോ ഓർഡിനേറ്റർ, കോഴിക്കോട് നഗരപാതാ വികസനപദ്ധതി, കോഴിക്കോട്
4. രേഷ്മ ദാസ് സി ടി, അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞൻ
5. ജസീൽ റഹ്മാൻ. കെ, അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞൻ

കെയ്റോസ് തയ്യാറാക്കി സമർപ്പിച്ച സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് മേൽ പറഞ്ഞ അംഗങ്ങൾ ഉൾക്കൊണ്ട വിദഗ്ധ ഗ്രൂപ്പ് മുഖേന വിലയിരുത്തുകയും പ്രസ്തുത റിപ്പോർട്ടിൽ ഏജൻസി ചൂണ്ടികാണിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

നിർദ്ദിഷ്ട റോഡ് വികസനത്തിനായി മുമ്പ് തന്നെ ഭൂരിഭാഗം ഭൂമിയും ഏറ്റെടുക്കുകയും റോഡ് വികസനം നടന്നിട്ടുള്ളതുമാകുന്നു. 0.0034 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കുവാനുള്ളത്. ഇത് ഒരു വ്യക്തിയുടെ ഭൂമിയാണ്. മേൽ ഭൂമിയിൽ കൃഷിയൊന്നുമില്ല. ഈ ഭൂമിയിൽ വാടകയ്ക്ക് "K.R. Bakery & Restaurant" എന്ന സ്ഥപനം പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥലം ഏറ്റെടുത്ത് റോഡ് വികസിപ്പിക്കുന്നത് നിലവിലുള്ള കെട്ടിടത്തെ ബാധിക്കാത്തതിനാൽ തൊഴിലിനും ജീവനക്കാർക്കും യാതൊരു പ്രശ്നവും ഉണ്ടാകുന്നില്ലായെന്നുള്ള റിപ്പോർട്ടിലെ പരാമർശം ശരി വെക്കുന്നതായി മുഴുവൻ അംഗങ്ങളും അറിയിച്ചു.

മേൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് യാതൊരു തരത്തിലുള്ള സാമൂഹ്യ, സമ്പത്തിക, പാരിസ്ഥിതിക ആഘാതങ്ങളും ഉണ്ടാകില്ലായെന്നുള്ള റിപ്പോർട്ട് ഭേദഗതിയില്ലാതെ അംഗീകരിക്കാവുന്നതാണെന്ന് മുഴുവൻ അംഗങ്ങളും സമ്മതിച്ചു.

**ഡെപ്യൂട്ടി കലക്ടർ (എൽ.എ) & വിദഗ്ധസമിതി ചെയർമാൻ**

പകർപ്പ്